# തേജസ്സിലുള്ള വെളിപ്പെടൽ

## കൊലൊസ്സ്യർ 3:4

**"നമ്മുടെ ജീവനായ ക്രിസ്തു വെളിപ്പെടുമ്പോൾ നിങ്ങളും അവനോടുകൂടെ തേജസ്സിൽ വെളിപ്പെടും"**

ഒരു നല്ല ദിവസംകൂടി ദാനമായിത്തന്ന ദൈവത്തിനു നന്ദി പറയാം. ഓരോ ദിവസവും ദൈവം നടത്തുന്ന വഴികൾ ഓർത്താൽ ദൈവത്തെ എത്ര സ്തുതിച്ചാലും, വർണ്ണിച്ചാലും മതിവരികയില്ല. അവിടുന്ന് ദാനമായി തന്ന ഈ ദിവസം, നമ്മുടെ ജീവനായ ക്രിസ്തുവിനു സമർപ്പിച്ചു ആരംഭിക്കുവാനായിട്ടു നമ്മെത്തന്നെ ഏല്പിച്ചു നല്കാം.

നമ്മുടെ ദൈവം നമ്മെക്കുറിച്ച് ആഗ്രഹിക്കുന്നതു എന്താണ് എന്ന് നാം ചിന്തിച്ചു നോക്കിയിട്ടുണ്ടോ? നാം ദൈവത്തോട് കൂടെ എപ്പോഴും സഞ്ചരിക്കുന്നവരാകണം എന്നാണ് ദൈവം നമ്മെക്കുറിച്ച് ആഗ്രഹിക്കുന്നത്. നാം ഒരു കാര്യം ചെയ്യുന്നതിന് മുൻപേ, സകലത്തിന്നും ഉടയവനായ ദൈവത്തിൽ സമർപ്പിച്ചു, ഭരമേൽപ്പിച്ചിട്ടാണോ ആരംഭിക്കുന്നത്? നാം വിശുദ്ധരും നിഷ്കളങ്കരും ആകേണ്ടതിന്നു ലോകസ്ഥാപനത്തിനു മുൻപ് അവൻ നമ്മെ തിരഞ്ഞെടുത്തു എന്ന് വിശ്വസിക്കുന്നുവെങ്കിൽ, നാം നമ്മുടെ ദൈവത്തിന്റെ ആഗ്രഹത്തിനനുസരിച്ചു ജീവിക്കുവാൻ കടപ്പെട്ടവരാണ്.

കർത്താവിന്റെ വരവ് ആസന്നമായി, നാം ഓരോരുത്തരുടെയും ജീവനായ ക്രിസ്തു വെളിപ്പെടുമ്പോൾ, ക്രിസ്തുവിനോട് കൂടെ നാം എടുക്കപ്പെടുമോ? ഈ ലോകത്തിൽ ഇനി സംഭവിക്കുവാൻ ഉള്ള ഏറ്റവും വലിയ കാര്യം, കർത്താവിന്റെ മടങ്ങി വരവാണ്. ആ വരവിനു നാം ഒരുങ്ങി ഇരിക്കുകയാണോ? തേജസ്സിൽ വസിക്കുന്നവനായ ദൈവത്തിന്റെ കൂടെ നാം അവന്റെ പ്രത്യക്ഷത്തിൽ വെളിപ്പെടുമോ?

നമ്മോടുള്ള ദൈവത്തിന്റെ തേജസ്സ്, നമ്മുടെ തന്നെ സ്വന്തം പാപം മൂലം ഇല്ലാതെയായി. ശത്രുവിന്റെ ഏറ്റവും വലിയ ലക്ഷ്യം മനുഷ്യനെ ദൈവീക തേജസ്സിൽ നിന്നും മാറ്റി പാപത്തിനു കിഴ്പ്പെടുത്തുക എന്നതായിരുന്നു. അവിടുന്ന് തന്ന ദൈവീക പരിരക്ഷ പൊളിച്ചെങ്കിൽ മാത്രമേ ശത്രുവിന് നമ്മുടെ മേൽ പ്രവർത്തിക്കുവാനായിട്ടു സാധിക്കുകയുള്ളു. ഇന്ന് മനുഷ്യൻ, ദൈവം സൗജന്യമായി തന്ന പരിരക്ഷാ പോളിസി മറന്നു, ലോകത്തിന്റെ പോളിസികളുടെ പുറകെ പായുകയാണ്. നാം എപ്പോഴൊക്കെ ദൈവത്തിൽ നിന്നും അകലുന്നുവോ, അപ്പോൾ ഒക്കെ നമുക്ക് ആ പരിരക്ഷ ഇല്ലാതാകുകയും, ശത്രു നമ്മെ കിഴ്പ്പെടുത്തുകയും ചെയ്യും. ആ പരിരക്ഷ ഇല്ലാതെയാകുമ്പോൾ രോഗം വരും, ശാപം വരും, മരണം വരും, തകർച്ചകൾ വരും, ലോകത്തിന്റെ എല്ലാ അസ്വസ്ഥതകളാലും മനുഷ്യർ കെട്ടപ്പെടും. ഇന്ന് ഈ ദൈവ തേജസ്സ്, കാണുവാനും അനുഭവിക്കുവാനും സാധിക്കുന്നത് ദൈവത്തോട് കൂടെ

നടക്കുന്നവർക്ക് മാത്രമാണ്. നമുക്ക് ഈ തേജസ്സ് നഷ്ടപ്പെട്ടിട്ടുണ്ടെങ്കിൽ അത് വീണ്ടെടുക്കുന്നതിനായി ഈ ദിവസം പൂർണമായും ദൈവസന്നിധിയിൽ നമ്മെ താഴ്ത്തി സമർപ്പിച്ചു നൽകാം.

ദൈവം തന്റെ സ്വന്ത പുത്രനെ ഈ ലോകത്തിലേക്ക് അയച്ചത് ലോകത്തെ വിധിപ്പാനല്ല ലോകം അവനാൽ രക്ഷിക്കപ്പെടുവാനത്രേ. അതിനാൽ ആ പുത്രനിൽ വിശ്വസിച്ചു, നിത്യജീവൻ പ്രാപിക്കുവാൻ നാം ഓരോരുത്തർക്കും സാധിക്കണം. കാരണം ദൈവത്തിന്റെ വലത്തുഭാഗത്തു ഇരിക്കുന്ന ക്രസിതുവിനോട് കൂടെ നാം ഉയർത്തെഴുന്നേറ്റിരിക്കുന്നു. അതുകൊണ്ടു ഭൂമിയിൽ ഉള്ളതിന്റെ പുറകെ പോകാതെ, ഉയരത്തിൽ ഉള്ളതിനെക്കുറിച്ച് തന്നെ നാം ചിന്തിക്കണം. ഒരു മനുഷ്യൻ എപ്പോഴും അന്വേഷിക്കേണ്ടതും ചിന്തിക്കേണ്ടതും ഉയരത്തിൽ ഉള്ളതിനെക്കുറിച്ച് മാത്രമായിരിക്കണം, അതാണ് വചനം നമ്മെ പഠിപ്പിക്കുന്നത് (മത്തായി 6:33) മുമ്പെ അവന്റെ രാജ്യവും നീതിയും അന്വേഷിപ്പിൻ; അതോടുകൂടെ ഇതൊക്കെയും നിങ്ങൾക്കു കിട്ടും.

ഇന്ന് നാം കൂടുതലും അന്വഷിക്കുന്നതും ചിന്തിക്കുന്നതും ലോകത്തിൽ ഉള്ളതിനെക്കുറിച്ചാണ്, എന്നാൽ ഒരു ദൈവ പൈതലിന്റെ ചിന്തയിൽ എപ്പോഴും കാണേണ്ടത്, ദൈവം ഒരുക്കി വച്ച് നമ്മുക്കായി കാത്തിരിക്കുന്ന ആ നിത്യ നഗരത്തെക്കുറിച്ചായിരിക്കണം. ക്രിസ്തുവിന്റെ വരവോടെ നമുക്ക് ഒരുക്കിയിരിക്കുന്ന നിത്യതയെക്കുറിച്ചുള്ള ബോധമായിരിക്കണം, നമ്മെ ഭരിക്കേണ്ടതു. നമ്മുടെ പൌരത്വമോ സ്വർഗ്ഗത്തിൽ ആകുന്നു; അവിടെ നിന്നു കർത്താവായ യേശുക്രിസ്തു രക്ഷിതാവായി വരും എന്നു നാം കാത്തിരിക്കുന്നു. (ഫിലിപ്പിയർ 3:20)

ഒരു വ്യക്തി രക്ഷിക്കപെടുമ്പോൾ അവനിലെ പഴയ മനുഷ്യൻ ഇല്ലാതെയായി, പുതിയ ജീവന്റെ ഉയർപ്പിലേക്ക് കടന്നു വരും, അതുകൊണ്ടു എപ്പോഴും ഒരു പുതുക്കത്തിന്റെ അനുഭവത്തിൽ ആയിരിപ്പാൻ നമുക്ക് സാധിക്കണം. എങ്കിൽ മാത്രമേ ശത്രുവിനെ പരാജയപ്പെടുത്തി ഓരോ നിമിഷവും മുന്നേറുവാൻ നമുക്ക് കഴിയുകയൊള്ളു. പാപത്തിൽ മരിച്ച് ക്രിസ്തുവിൽ ഉയർത്തെഴുന്നേറ്റ ഒരു മനുഷ്യനു മാത്രമേ യേശു ക്രിസ്തുവിന്റെ മടങ്ങിവരവിങ്കൽ അവനോടു കൂടെ ആ തേജസ്സിൽ പ്രത്യക്ഷപ്പെടുവാൻ സാധിക്കുകയുള്ളു. വിശ്വസ്ഥനായി എപ്പോഴും ക്രിസ്തുവിന്റെ കൂടെ നടക്കുന്നവരായി, ജീവന്റെ പുതുക്കത്തിൽ, ദൈവീക ജ്ഞാനത്തിലും, വെളിച്ചത്തിലും, ന്യായപ്രമാണത്തിന്റെ അടിസ്ഥാനത്തിൽ സ്ഥിരതയോടെ ഓടി ദൈവാരാജ്യത്തിനു അവകാശികളായി തീരുവാൻ ദൈവം നമ്മെ അനുഗ്രഹിക്കുമാറാകട്ടെ. ആമേൻ

ബ്രദർ റ്റോബി ഏബ്രഹാം ചെങ്ങന്നൂർ 019